**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1403** **19-06-2024 - ൽ മറുപടിയ്ക്ക്**

**കാരവൻ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാരവൻ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | 3 പതിറ്റാണ്ടിന് ശേഷം കേരള ടൂറിസം സംഭാവന ചെയ്ത ഉത്പ്പന്നമാണ് കാരവൻ. കോവിഡാനന്തരം സുരക്ഷിത ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കാരവാൻ ടൂറിസം ആരംഭിച്ചത്. ഇതിനായി സമഗ്രമായി ഒരു നയം ടൂറിസം വകുപ്പ് ആവിഷ്കരിച്ചു.<br><br>കാരവൻ ടൂറിസത്തിന് താത്പര്യം പ്രകടിപ്പിച്ചവരുമായി യോഗങ്ങൾ നടത്തി കാരവൻ ടൂറിസം സാധ്യതകൾ ടൂറിസം വകുപ്പ് പ്രയോജനപ്പെടുത്താൻ നീക്കം തുടങ്ങി.<br><br>കാരവാൻ ടൂറിസത്തിനായി സഞ്ചാരികളെ ആകർഷിക്കുന്നതിന് രാജ്യത്തിനകത്തും പുറത്തും വിപുലമായ പ്രചരണ പരിപാടികൾക്ക് ടൂറിസം വകുപ്പ് രൂപം നൽകുകയും നടപ്പാക്കുകയും ചെയ്തു. വിദേശ സഞ്ചാരികൾ ഉൾപ്പെടെ ഉള്ളവരെ കാരവൻ ടൂറിസം മികച്ച നിലയിൽ ആകർഷിച്ചു.<br><br>സംസ്ഥാനത്ത് ഇതിനകം 13 കാരവനുകൾ വിനോദസഞ്ചാരികൾക്കായി സർവീസ് നടത്തുന്നുണ്ട്. വാഗമണ്ണിൽ ഒരു കാരവൻ പാർക്ക് സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. KTDC-യുമായി സഹകരിച്ച് കാസർഗോഡ് ബേക്കലും, എറണാകുളത്ത് ബോൾഗാട്ടി പാലസ് ഹോട്ടലിലും കാരവൻ പാർക്കുകൾ തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>കാരവൻ ടൂറിസം വികസനത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിയിരുന്നു. ഇതിനായി ഗതാഗത വകുപ്പുമായി പ്രത്യേക യോഗം ചേർന്നിരുന്നു. നടപ്പ് സാമ്പത്തിക വർഷം കാരവൻ |

| | | | |
|---|---|---|---|
| | | | ടൂറിസത്തിന് സബ്സിഡികൾ നൽകാനായി 3.10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ഏതൊക്കെ ഇനങ്ങളിലാണ് തുക ചെലവഴിച്ചതെന്നുള്ള വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ? | (ബി) | കാരവൻ ടൂറിസത്തിന്റെ ഭാഗമായി കാരവൻ വാങ്ങി വകുപ്പിൽ അപേക്ഷ സമർപ്പിച്ച 13 സംരംഭകർക്ക് 7,50,000/-(ഏഴ ലക്ഷത്തി അമ്പതിനായിരം രൂപ ) രൂപ വീതം ആകെ 97,50,000/-(തൊണ്ണൂറ്റിയേഴ ലക്ഷത്തി അമ്പതിനായിരം രൂപ) രൂപ ഇൻവസ്റ്റ്മെന്റ് സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.<br><br>കാരവൻ ടൂറിസം പദ്ധതിയുടെ പരസ്യം മുഖേനയുള്ള പ്രചാരണത്തിനായി വകുപ്പ് ജി.എസ്.ടി ഉൾപ്പെടെ ആകെ 94,95,752/- രൂപ (തൊണ്ണൂറ്റി നാല്യ ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി എഴുന്നൂറ്റി അമ്പത്തിരണ്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>1. വീഡിയോ&ഫോട്ടോ പ്രൊഡക്ഷൻ-₹59,00,000/-<br><br>2. സോഷ്യൽ മീഡിയ പ്രോമോഷൻ-₹35,39,957/-<br><br>3. ലഘുലേഖ/ബ്രോഷറുകൾ-₹55,795/- |

സെക്ഷൻ ഓഫീസർ